# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2227 — 08.03.2017- ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ വായ്പ എടുക്കുന്ന വിദ്യാർത്ഥികൾക്ക് പലിശ ഇളവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി യു. പ്രതിഭ ഹരി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുക്കുന്ന വിദ്യാർത്ഥികൾക്ക് പലിശ ഇളവ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | നാലര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ കീഴിൽ വരുന്ന ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നെടുക്കുന്ന വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ സബ്സിഡി അനുവദിക്കുന്ന കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ സബ്സിഡി സ്കീം 01.04.2009 ൽ നിലവിൽ വന്നു. പ്രസ്തുത സ്കീമിൽ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് കേരള സംസ്ഥാന സഹകരണ ബാങ്കിനെ പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി. മറ്റ് സഹകരണ ബാങ്കുകൾ പദ്ധതിയുടെ പരിധിയിൽ വരികയില്ല. മറ്റു സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുക്കുന്നവർക്ക് പലിശ ഇളവ് ലഭ്യമാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ തലത്തിലാണ് നടപടി സ്വീകരിക്കേണ്ടത്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ